പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1358 | 11-08-2017-ലെ മറുപടിയ്ക്ക്

## കൃഷി ആദായകരമാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) ആദായക്കുറവും തൊഴിലാളികളുടെ ലഭ്യതക്കുറവും പുതിയ തരം കീടബാധകളും ചെറുകിട കർഷകരെ കൃഷി ഉപേക്ഷിക്കുന്നതിന് നിർബന്ധിതരാക്കിയിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) കൃഷി ലാഭകരമായ തൊഴിലായി മാറ്റിയെടുക്കുന്നതിനുചിതമായ കർമ്മ പരിപാടികൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | കൃഷി ലാഭകരമായ തൊഴിലായി മാറ്റിയെടുക്കുന്നതിനുള്ള കർമ്മപരിപാടികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യാവസായിക അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി വികസനം, പ്രത്യേക കാർഷിക മേഖല, ഉൽപന്നങ്ങളുടെ സംസ്കരണ മൂല്യവർദ്ധന യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കൽ, പ്രാദേശിക സവിശേഷതയുള്ള വിളകളുടെ പ്രോത്സാഹനം, ഗ്രാമചന്തകൾ ആരംഭിക്കൽ, ഇക്കോഷോപ്പുകൾ, ജൈവകൃഷി തുടങ്ങിയ പദ്ധതികൾ വഴി കാർഷിക രംഗം ആദായകരമാക്കുവാനും ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുവാനും ലക്ഷ്യമിട്ടിരിക്കുന്നു. |
| (സി) ജീവിതകാലം മുഴുവൻ കാർഷിക വൃത്തിക്കായി ഉഴിഞ്ഞുവച്ച കർഷകർക്ക്, വിരമിക്കുന്ന സർക്കാർ ജീവനക്കാർക്ക് നൽകുന്ന അതേ പ്രാധാന്യം നൽകി പെൻഷൻ നൽകുന്നതിനെക്കുറിച്ച് പരിശോധിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | 60 വയസ്സ് പൂർത്തീകരിച്ച കൃഷി പ്രധാന ഉപജീവനമാർഗ്ഗമായി സ്വീകരിച്ച കർഷകർക്ക് നിലവിൽ പ്രതിമാസം 1000/- രൂപ കർഷക പെൻഷൻ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ